പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 159

03/10/2011 - ൽ
വാങ്മൂലം മറുപടിക്ക്

## പോലീസ് സേനയിലെ ക്രിമിനൽ സ്വഭാവം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>,, പി. സി. ജോർജ് | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) പോലീസ് ഉദ്യോഗസ്ഥർ പ്രതികളാകുന്ന കേസുകളുടെ എണ്ണം സംസ്ഥാനത്ത് വർദ്ധിച്ചു വരുന്നത് ഗൗരവമായി കാണുന്നുണ്ടോ; | (എ) പോലീസ് ഉദ്യോഗസ്ഥർ പ്രതികളാകുന്ന കേസുകളുടെ എണ്ണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലെങ്കിലും ഗൗരവതരമായ ഇത്തരം സംഭവങ്ങൾ നിയന്ത്രിക്കുന്നതിനും പോലീസ് സേനാംഗങ്ങൾ ക്രിമിനൽ കുറ്റങ്ങളിൽ ഉൾപ്പെടാതിരിക്കുന്നതിനുമുള്ള ഫലപ്രദമായ നടപടികൾ ഇതിനകം തന്നെ ആരംഭിച്ചിട്ടുണ്ട്. |
| (ബി) പോലീസ് സേനയിലെ ക്രിമിനൽവൽക്കരണം ഫലപ്രദമായി തടയുന്നതിന് എന്തെല്ലാം ചെയ്യാൻ ഉദ്ദേശിക്കുന്നു;<br><br>(സി) ഇത്തരം ക്രിമിനൽ വാസന തുടക്കത്തിൽ തന്നെ ഇല്ലാതാക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ ? | (ബി)& (സി)<br>വ്യക്തിപരമായ കാരണങ്ങളാലോ ഔദ്യോഗികപദവി ദുരുപയോഗം ചെയ്യുന്നതിനാലോ, തങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം അറിഞ്ഞോ അറിയാതേയോ ലംഘിക്കുന്നതുമൂലമോ പോലീസുദ്യോഗസ്ഥർ ക്രിമിനൽ കേസുകളിൽ ഉൾപ്പെടുന്നത് ഗൗരവതരമായി കണ്ടു കൊണ്ട് അത്തരം പോലീസുദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനും മേലിൽ ഇത്തരം സംഭവങ്ങൾ പോലീസ് സേനയിൽ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതിനുമായി സംസ്ഥാനപോലീസ് മേധാവിയുടെ 09.09.2011 ലെ T8-72190/2011 |

സർക്കുലർ പ്രകാരം പോലീസ് വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥൻമാർക്കും നിർദ്ദേശം നല്കിയിട്ടുണ്ട്. പോലീസ് സേനയിൽ ക്രിമിനൽവാസന തുടക്കത്തിലേ ഇല്ലാതാക്കുന്നതിന്റെ ഭാഗമായി ക്രിമിനൽപശ്ചാത്തലമുള്ള ട്രെയിനികളുടെയും,ട്രെയിനിംഗ് പൂർത്തിയാക്കിയവരുടെയും ലിസ്റ്റ് തയ്യാറാക്കുകയും ഗുരുതരമായ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടിട്ടുള്ള വരെ സേനയിൽ നിന്നുംനീക്കം ചെയ്തിട്ടുള്ളതുമാണ്.

സെക്ഷൻ ഓഫീസർ